## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *243      15.02.2013-ൽ മറുപടിയ്ക്ക്

## റോഡിലെ അപകട നിവാരണത്തിനും സുരക്ഷയ്ക്കും പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.എ.മാധവൻ<br>,, ഷാഫി പറമ്പിൽ<br>,, അൻവർ സാദത്ത്<br>,, വി.റ്റി.ബൽറാം | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡുകളിലെ അപകടനിവാരണത്തിനും സുരക്ഷയ്ക്കും വേണ്ടി ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതിക്ക് എന്ത് തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | സംസ്ഥാനത്തെ റോഡുകളിലെ അപകട നിവാരണത്തിനും സുരക്ഷയ്ക്കും വേണ്ടി 14 ജില്ലകളിലും നടത്തിയ റോഡ് സേഫ്റ്റി ഓഡിറ്റ് പ്രകാരം 589.99 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. റോഡപകടങ്ങൾ കുറയ്ക്കാനുള്ള മുൻകരുതൽ എന്ന നിലയിൽ റോഡ് മാർക്കിങ്ങുകൾ, സൈൻ ബോർഡുകൾ, ഡയറക്ഷൻ ബോർഡുകൾ ക്രാഷ് ബാരിയറുകൾ, ഹമ്പുകൾ, റിഫ്ലക്ടറുകൾ, റമ്പിൾ സ്ട്രിപ്പുകൾ തുടങ്ങിയ റോഡ് സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും, ജ്യോമട്രിക്സ് ഇംപ്രൂവ്മെന്റ്, ജംഗ്ഷൻ ഇംപ്രൂവ്മെന്റ്, സൈറ്റ് ഡിസ്റ്റൻസ് ഇംപ്രൂവ്മെന്റ് എന്നീ കാര്യങ്ങളുമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) റോഡപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ എന്ന നിലയിൽ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് സ്വീകരിക്കുന്നത് ; വിശദമാക്കുമോ ; | (ബി) | സംസ്ഥാനത്ത് റോഡ് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഒരു റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിക്കുന്നതിനും, ഒരു റോഡ് സുരക്ഷാ ഫണ്ട് ഏർപ്പെടുത്തുന്നതിനുമായി 2007ൽ കേരളാ റോഡ് സുരക്ഷാ നിയമം നിലവിൽ വരുകയും അതനുസരിച്ചുള്ള സുരക്ഷാ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. റോഡിൽ കൂടെയുള്ള വാഹന ഗതാഗതം സുഗമമാക്കുക, കാൽനട യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുക, റോഡിന് ആവശ്യമായ മാർക്കിംഗ്, സൈനേജുകൾ, ദിശാ ബോർഡുകൾ, സിഗ്നൽ ലൈറ്റുകൾ, ആവശ്യമായ സ്ഥലങ്ങളിൽ ഹംബുകൾ, റമ്പിൾ സ്ട്രിപ്പ്, സീബ്രാ ക്രോസിംഗ്, ജംഗ്ഷൻ ഇംപ്രൂവ്മെന്റ്, |

ബസ്ബേ എന്നിവ കൊടുത്ത് വാഹനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നു. ഡ്രൈവർമാർ, കാൽ നടയാത്രക്കാർ, റോഡു സൈഡിലെ താമസക്കാർ, സ്കൂൾകുട്ടികൾ എന്നിവർക്ക് ആവശ്യമായ ബോധവത്കരണം നടത്തുക, ട്രാഫിക് എൻഫോഴ്സ്മെന്റ് നടത്തുക, ട്രോമകെയർ, എമർജൻസി റസ്പോൺസീവ് എന്നിവയും ഇതിന്റെ ഭാഗമാണ്.

ലോകബാങ്ക് ധനസഹായത്തോടു കൂടി നടപ്പിലാക്കുന്ന കെ.എസ്.റ്റി.പി - രണ്ട് പദ്ധതിയിൽ റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള കെ.എസ്.റ്റി.പി റോഡ്, സേഫ് കോറിഡോർ ആയി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതുൾപ്പെടെ മറ്റു റോഡു സുരക്ഷാക്രമീകരണങ്ങൾക്ക് കെ.എസ്.റ്റി.പി-രണ്ട് പദ്ധതിയിൽ 90 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. റോഡുകളിലെ റോഡ് സുരക്ഷാ ക്രമീകരണങ്ങൾക്കും, കഴക്കൂട്ടം മുതൽ അടൂർ വരെ നടപ്പിലാക്കുന്ന സേഫ് കോറിഡോറിനും റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട പരിശീലനത്തിനുമാണ് ഈ തുക ചെലവഴിക്കുന്നത്.

ഇതിനുപുറമേ സംസ്ഥാനത്തുടനീളം സേഫ്റ്റി ഓഡിറ്റ് നടത്തി ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഘട്ടംഘട്ടമായി ഇത് പരിഹരിച്ചുവരുന്നു.

| | | |
|---|---|---|
| (സി) | ഇതിനായി ജില്ലാ തലത്തിൽ (സി) സമിതികൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ? | 2007-ലെ കേരള റോഡ് സേഫ്റ്റി ആക്ട് പ്രകാരം ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ജില്ലാ സൂപ്രണ്ട് ഓഫ് പോലീസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും) എക്സിക്യൂട്ടീവ് എഞ്ചിനീയർ (ദേശീയപാത), റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, റോഡ് സുരക്ഷാ വിദഗ്ധർ എന്നിവർ അംഗങ്ങളായും ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. റോഡ് സേഫ്റ്റി അതോറിറ്റി സമയാസമയം നൽകുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുകയാണ് ഈ സമിതിയുടെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ

A

## TABLE-1 SUMMARY OF ROAD SAFETY AUDIT ESTIMATE

| SL NO. | NAME OF DIVISION | AMOUNT (Rs.) |
|---|---|---|
| 1 | Thiruvananthapuram | 340,297,037 |
| 2 | Kollam | 110,750,000 |
| 3 | Pathanamthitta | 303,802,095 |
| 4 | Alappuzha | 504,347,864 |
| 5 | Kottayam | 768,500,000 |
| 6 | Idukki | 952,780,575 |
| 7 | Muvattupuzha | 402,200,000 |
| 8 | Ernakulam | 278,892,995 |
| 9 | Thrissur | 12,170,000 |
| 10 | Manjeri | 164,630,000 |
| 11 | Palakkad | 732,521,504 |
| 12 | Kozhikode | 159,000,000 |
| 13 | Wayanad | 447,931,666 |
| 14 | Vadakara | 16,195,944 |
| 15 | Kannur | 444,945,000 |
| 16 | Kasaragod | 260,959,274 |
| **TOTAL** | | **5,899,923,954** |

589.99 Crores

SD